THURSDAY വ്യാഴാഴ്ച



# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

**GOVERNMENT OF KERALA**

Chief Editor : ASA S KUMAR Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-12/10/2023.

1. ക്ഷീരവികസന വകുപ്പിന്റെയും പത്തനാപുരം ബ്ലോക്ക് പഞ്ചായത്തിന്റെയും ആഭിമുഖ്യത്തിൽ ബ്ലോക്കിലെ ക്ഷീരകർഷകർ, ക്ഷീരോൽപാദക സഹകരണ സംഘങ്ങൾ, ആത്മ, കേരള ഫീഡ്സ്, മിൽമ, ഗ്രാമപഞ്ചായത്തുകൾ, സഹകരണ ബാങ്കുകൾ എന്നിവകളുടെ സഹകരണത്തോടെ പത്തനാപുരം ബ്ലോക്ക് ക്ഷീരകർഷക സംഗമം പിടവൂർ ക്ഷീരോൽപാദക സഹകരണ സംഘത്തിന്റെ ആഭിമുഖ്യത്തിൽ ഇന്ന് (ഒക്ടോബർ 12) പിടവൂർ ജംഗ്ഷനിലെ വല്ല്യാനേത്ത് ആഡിറ്റോറിയത്തിൽ വച്ച് സംഘടിപ്പിക്കുന്നു. പത്തനാപുരം എം എൽ എ കെ. ബി. ഗണേഷ് കുമാറിന്റെ അധ്യക്ഷതയിൽ ക്ഷീര ക്ഷീരവികസന മൃഗസംരക്ഷണ വകുപ്പ് മന്ത്രി ജെ. ചിഞ്ചു റാണി ഉദ്ഘാടനം നിർവഹിക്കുന്നു. ഇതോടനുബന്ധിച്ച് ക്ഷീരകർഷകരെ ആദരിക്കുകയും വിവിധ ക്ഷീരവികസന സെമിനാറും ഉണ്ടായിരിക്കുന്നതാണ്.

2. കാർഷിക സർവകലാശാല, കാർഷിക കോളേജ്, പച്ചക്കറി ശാസ്ത്ര വിഭാഗത്തിൽ കാബേജ്, കോളിഫ്ലവർ തൈകൾ വില്പനയ്ക്ക് ലഭ്യമാണ്. സമയം രാവിലെ 9 മണി മുതൽ 4.30 വരെ. ഫോൺ നമ്പർ: 9188248481

3. തിരുവനന്തപുരം പാളയത്തെ സിറ്റി കോർപ്പറേഷൻ കൃഷി ഭവനിൽ WCT ഇനത്തിൽപ്പെട്ട തെങ്ങിൻ തൈകൾ 50 രൂപ നിരക്കിൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് കൃഷി ഭവനുമായി **6282904245** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

4. ക്ഷീരവികസന വകുപ്പിന്റെ മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തി പശു യൂണിറ്റ്, വ്യക്തിഗത വാണിജ്യ ഡയറി ഫാമുകൾക്കും, യുവാക്കൾക്കായുള്ള സ്മാർട്ട് ഡയറി ഫാമുകൾക്കും ക്ഷീരലയം (തോട്ടം മേഖലയിലെ തൊഴിലാളി കുടുംബങ്ങൾക്ക്), ക്ഷീരതീരം (മത്സ്യ/ കയർ മേഖലയിലെ തൊഴിലാളി കുടുംബങ്ങൾക്ക്), കാലി തൊഴുത്ത് നിർമ്മാണം, ഡെയറി ഫാം ആധുനികവൽക്കരണവും യന്ത്രവൽക്കരണവും, വാണിജ്യ അടിസ്ഥാനത്തിലുള്ള ഫാമുകൾ എന്നിവയ്ക്കായി ധനസഹായം നൽകുന്നു. താല്പര്യമുള്ളവർക്ക് ക്ഷീരശ്രീ പോട്ടൽ മുഖേന അപേക്ഷിക്കാവുന്നതാണ്.

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

5. ക്ഷീര വികസന വകുപ്പ് കോട്ടയം ജില്ലാ കോളിറ്റി കൺട്രോൾ യൂണിറ്റിന്റെയും കൂടല്ലൂർ ക്ഷീരോൽപാദക സഹകരണ സംഘത്തിന്റെയും ആഭിമുഖ്യത്തിൽ പാൽ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് വേണ്ടി ഒരു പാൽ ഗുണനിയന്ത്രണ ബോധവൽക്കരണ പരിപാടി ഇന്ന് രാവിലെ (ഒക്ടോബർ 12ന്) 9.30 ന് കൂടല്ലൂർ സഹകരണ സംഘത്തിൽ വച്ച് സംഘടിപ്പിക്കുകയാണ്. ഈ പരിപാടിയിലൂടെ ക്ഷീരകർഷകർ ഉൽപാദിപ്പിക്കുന്ന പാലിന്റെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ ശാസ്ത്രീയ വശങ്ങളെകുറിച്ച് ബോധവൽക്കരണം നൽകുന്നു. ഇതോടനുബന്ധിച്ച് ശുദ്ധമായ പാൽ ഉൽപാദനത്തിന് ക്ഷീരകർഷകർ അറിയേണ്ടത്, ക്ഷീരവികസന വകുപ്പും പദ്ധതികളും, പാൽ വില നിർണയവും പശു പരിപാലനത്തിലെ ശാസ്ത്രീയതയും എന്നീ വിഷയങ്ങളിൽ സെമിനാറും സംഘടിപ്പിച്ചിട്ടുണ്ട്.

## പരിശീലന പരിപാടി

6. കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ റബ്ബർ ടാപ്പിംഗ് മെഷീൻ ഉപയോഗിക്കുന്നത് സംബന്ധിച്ച് പ്രദർശനവും, പ്രായോഗിക പരിശീലനവും വിവിധയിടങ്ങളിലായി സംഘടിപ്പിക്കുന്നു. കൊല്ലം ജില്ലയിലെ ആദ്യ പരിശീലനം പുനലൂർ കേരള അഗ്രോ ഫ്രൂട്ട് പ്രോഡക്ട്സ് കോമ്പൗണ്ടിൽ പ്രവർത്തിക്കുന്ന അഗ്രോ ഐ.ടി.ഐ യിൽ 2023 ഒക്ടോബർ 17-ാം തീയതി രാവിലെ സംഘടിപ്പിക്കുന്നതാണ്. കർഷകർക്കും, ടാപ്പിംഗ് തൊഴിലാളികൾക്കും ഇതിൽ സൗജന്യമായി പങ്കെടുക്കാവുന്നതാണ്. വിശദവിവരങ്ങൾക്ക് 7558880463 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടണമെന്ന് കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ അറിയിച്ചു.

7. റബ്ബർപാലിന്റെ ഉണക്കത്തൂക്കം (ഡി.ആർ.സി.) നിർണയിക്കുന്നതിൽ റബ്ബർബോർഡ് നടത്തുന്ന ത്രിദിന സർട്ടിഫിക്കറ്റ് കോഴ്സ് കോട്ടയത്ത് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ (എൻ.ഐ.ആർ.റ്റി.) വെച്ച് ഒക്ടോബർ 18 മുതൽ 20 വരെയുള്ള തീയതികളിൽ നടക്കും. താൽപര്യമുള്ളവർക്ക് https://bit.ly/3feCcVj എന്ന ലിങ്കിൽ രജിസ്റ്റർ ചെയ്യാം. കൂടുതൽ വിവരങ്ങൾക്ക് 0481 2353127, 7306464582 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടാം.

8. കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഒക്ടോബർ മാസം 16 ന് പോത്തുകുട്ടി പരിപാലനം എന്ന വിഷയത്തിലും 30, 31 തീയതികളിൽ മുട്ടക്കോഴി വളർത്തൽ എന്ന വിഷയത്തിലും

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് പ്രവർത്തി ദിവസങ്ങളിൽ 0471 2732918 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടാവുന്നതാണെന്ന് കുടപ്പനക്കുന്ന് പ്രിൻസിപ്പൽ ട്രെയിനിങ് ഓഫീസർ അറിയിച്ചു.

9. കേരള കാർഷിക സർവ്വകലാശാല ഇ-പഠന കേന്ദ്രം "IOT Concepts in Agriculture" വിഷയത്തിൽ തയ്യാറാക്കിയ മാസ്സീവ് ഓപ്പൺഓൺലൈൻ കോഴ്സിലേക്കുള്ള പുതിയ ബാച്ച് 2023 നവംബർ 01 ന് ആരംഭിക്കുന്നു. കേരള കാർഷിക സർവ്വകലാശാലയിലെ ശാസ്ത്രജ്ഞയാണ് കോഴ്സ് കൈകാര്യം ചെയ്യുന്നത്. താൽപ്പര്യമുള്ളവർ 2023 ഒക്ടോബർ 31 നകം കോഴ്സിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. 24 ദിവസം ദൈർഘ്യമുള്ള കോഴ്സ് പൂർണ്ണമായും ഇംഗ്ലീഷിലാണ് പരിശീലിപ്പിക്കുന്നത്. പത്ത് സെഷനുകളിലായി തയ്യാറാക്കിയ കോഴ്സ് കെ.എ.യു. MOOC പ്ലാറ്റ്ഫോമിലൂടെ പഠിതാവിന്റെ സൗകര്യാർത്ഥം പ്രയോജനപ്പെടുത്താവുന്നതാണ്. കമ്പ്യൂട്ടർ അല്ലെങ്കിൽ മൊബൈൽ (സ്മാർട്ട് ഫോൺ) ഫോണിന്റെ സഹായത്തോടെ കോഴ്സ് പഠിക്കാവുന്നതാണ്. www.celkau.in/MOOC/Default.aspx എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത്മാസ്സിവ് ഓപ്പൺ ഓൺലൈൻ കോഴ്സിൽ രജിസ്റ്റർ ചെയ്യാം. രജിസ്റ്റർ ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങൾ മേൽ പറഞ്ഞലിങ്കിൽ ലഭ്യമാണ്. രജിസ്റ്റർ ചെയ്തവർക്ക് നവംബർ 01 മുതൽ 'പ്രവേശനം' എന്ന ബട്ടൺ ക്ലിക്ക് ചെയ്ത് യുസർ ഐ ഡി യും പാസ്സ്വേർഡും ഉപയോഗിച്ച് ക്ലാസ്സുകളിൽ പങ്കെടുക്കാവുന്നതാണ്.

10. മലമ്പുഴ സർക്കാർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ **ഇറച്ചിക്കോഴി വളർത്തൽ** എന്ന വിഷയത്തിൽ ഇന്ന് (ഒക്ടോബർ 12) രാവിലെ 10 മുതൽ 5 മണി വരെ പരിശീലനം ഉണ്ടായിരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 0491 2815454, 9188522713. പങ്കെടുക്കുന്നവർ ആധാർ കാർഡിന്റെ കോപ്പി കൊണ്ടുവരേണ്ടതാണ്.